# റജബ് മാസത്തിന് പ്രത്യേക മഹത്ത്വമുണ്ടോ?



റജബ് മാസത്തിന്റെ മഹത്ത്വത്തെക്കുറിച്ച് -അതിൽ ഒരു ദിവസമെങ്കിലും നോമ്പെടുക്കുന്നതിന്റെ പുണ്യത്തെക്കുറിച്ച്- ജുമുഅ ഖുത്‌ബകളിലും മറ്റും ധാരാളം ഹദീസുകളുദ്ധരിക്കുന്നത് കേൾക്കുന്നു. ഒരു ഹദീസ് ഇങ്ങനെയാണ്: "റജബ് അല്ലാഹുവിന്റെ മാസമാണ്. ശഅ്ബാൻ എന്റെ മാസം. റമദാൻ എന്റെ സമുദായത്തിന്റെ മാസവും." ഈ ഹദീസിനെ സംബന്ധിച്ച് താങ്കളുടെ വിലയിരുത്തലെന്താണ്? പ്രസ്തുത വിഷയത്തിൽ പ്രബലമായ ഹദീസുകൾ വന്നിട്ടുണ്ടോ?

ഉത്തരം നൽകുന്നത്: ഡോ. യൂസുഫുൽ ഖറദാവി

**റജബ്** മാസത്തിന്റെ മഹത്ത്വത്തെക്കുറിച്ച് പറയുന്ന ഹദീസുകളൊന്നും സ്വഹീഹായി വന്നിട്ടില്ല. എന്നാൽ സൂറ *അത്തൗബ* 36-ാം സൂക്തത്തിൽ പറഞ്ഞ യുദ്ധം നിഷിദ്ധമായ നാല് പവിത്ര മാസങ്ങളിൽ പെട്ട ഒന്നാണത്. ദുൽഖഅ്ദ്, ദുൽഹജ്ജ്, മുഹർറം എന്നിവയാണ് ബാക്കി മൂന്ന് മാസങ്ങൾ.

എന്നാൽ ഹസനായ (പ്രബലതയിൽ സ്വഹീഹിന്റെ താഴെ വരുന്ന) ഒരു ഹദീസ് ഈ വിഷയത്തിൽ ഉദ്ധരിക്കപ്പെടുന്നുണ്ട്. "നബി(സ) ശഅ്ബാനിൽ ധാരാളമായി നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു." അതിനെക്കുറിച്ച് ചോദിച്ചപ്പോൾ നബി(സ)യുടെ മറുപടി ഇങ്ങനെയായിരുന്നു: "റജബിനും റമദാനുമിടയിൽ ജനം ശ്രദ്ധിക്കാതെ പോവുന്ന മാസമാണത്."

റജബിന് ചില പ്രത്യേകതകളുണ്ടെന്ന് ഈ ഹദീസിൽ നിന്ന് മനസ്സിലാവുന്നു. എന്നാൽ, ചോദ്യത്തിലുദ്ധരിച്ച, 'റജബ് അല്ലാഹുവിന്റെ മാസമാണ്. ശഅ്ബാൻ എന്റെ മാസം. റമദാൻ എന്റെ സമുദായത്തിന്റെ മാസം' എന്ന ഹദീസ് അങ്ങേയറ്റം ദുർബലവും അസ്വീകാര്യവുമാണ്. എന്നല്ല അത് വ്യാജ നിർമിതം തന്നെയാണെന്നാണ് അനേകം പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്.

റജബ് മാസത്തിൽ ഇത്ര നമസ്കരിക്കുന്നവന് ഇത്ര കൂലിയുണ്ട്, ഇസ്തിഗ്ഫാറ് നടത്തുന്നവന് ഇത്ര പുണ്യമുണ്ട് എന്നെല്ലാം പറയുന്ന ഹദീസുകളെല്ലാം അതിശയോക്തിപരവും വ്യാജ നിർമിതവുമാണ്. ഈ ഹദീസുകളിലെ കർമങ്ങളുടെ പ്രതിഫലത്തെ സംബന്ധിച്ച അതിശയോക്തികളും, കർമം ചെയ്യാത്തവർക്കുള്ള ഭീഷണികളിലും തന്നെയാണ് പ്രസ്തുത ഹദീസുകൾ വ്യാജ നിർമിതങ്ങളാണ് എന്നതിന്റെ തെളിവ്.

പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നു: "നിസ്സാരമായ ഒരു കർമത്തിന്റെ പേരിൽ ലഭിക്കുന്ന കണക്കറ്റ പ്രതിഫലത്തെക്കുറിച്ച വാഗ്ദാനവും, ചെറിയൊരു പാപത്തിന്റെ പേരിൽ ലഭിക്കുന്ന കണക്കറ്റ ശിക്ഷയെക്കുറിച്ച ഭീഷണിയും ഒരു ഹദീസ് വ്യാജ നിർമിതമാണ് എന്നതിന്റെ തെളിവാണ്."

ഉദാഹരണത്തിന് നബി(സ)യിൽ നിന്ന് റിപ്പോർട്ട് ചെയ്യപ്പെട്ടതായി പറയുക: 'വിശക്കുന്നവന് വയറു നിറക്കാൻ ഒരു രുള നൽകുകയാണ് ആയിരം പള്ളികൾ നിർമിക്കുന്നതിനേക്കാൾ ഉത്തമം.' ഇത് കളവാണെന്ന് പ്രസ്തുത വാക്യത്തിൽ നിന്നു തന്നെ മനസ്സിലാവും. ആയിരം പള്ളികൾ നിർമിച്ചതിന് ലഭിക്കുന്ന പ്രതിഫലത്തേക്കാൾ വലുതാണ് വിശക്കുന്നവന് നൽകുന്ന ഒരുരുളയുടേത് എന്നത് യുക്തിക്ക് നിരക്കുന്നതല്ല.

റജബിന്റെ മഹത്ത്വത്തെക്കുറിച്ച് പറയുന്ന ഹദീസുകളെല്ലാം ഇത്തരത്തിലുള്ളതാണ്. പണ്ഡിതന്മാർ അതിനെക്കുറിച്ച് ജാഗ്രത പുലർത്തുകയും ജനങ്ങളെ ഉണർത്തുകയും വേണം. നബി(സ) പറഞ്ഞു: "വ്യാജ നിർമിതമാണെന്നറിഞ്ഞുകൊണ്ടു തന്നെ ഒരാൾ ഒരു ഹദീസ് ഉദ്ധരിച്ചാൽ അവനും വ്യാജനാണ്" (മുസ്‌ലിം). ■

# റജബിലെ നോമ്പ്

റമദാൻ നോമ്പിന്റെ മുന്നോടിയായി റജബിലും ശഅ്ബാനിലും കൂടി ചില ആളുകൾ നോമ്പനുഷ്ഠിക്കുന്നതായി കാണുന്നു. ഇതിന് പ്രമാണങ്ങളുടെ പിൻബലമുണ്ടോ?

ഉത്തരം നൽകുന്നത്, ഈജിപ്തിലെ അൽഅസ്ഹർ സർവകലാശാലയിൽ അധ്യാപകൻ മുഹമ്മദ് സയ്യിദ് അഹ്മദ് അൽമസീർ

**മനുഷ്യരെ** മാലാഖമാരുടെ പദവിയിലേക്കുയർത്തുന്ന മഹത്തായ ആരാധനാ കർമമാണ് നോമ്പ്. റസൂലിന്റെ സുന്നത്ത് പിൻതുടർന്നുകൊണ്ട്, തന്റെ സമയത്തിന്റെ ഒരു ഭാഗം നോമ്പിനു വേണ്ടി മാറ്റിവെക്കുക എന്നത് വിശ്വാസിയുടെ ഉത്തമ ഗുണമാണ്. റസൂലിന്റെ നോമ്പിന്റെ പൊതുരീതി ഇതായിരുന്നു: റമദാനിലല്ലാതെ ഒരു മാസവും അദ്ദേഹം പൂർണമായി നോമ്പനുഷ്ഠിച്ചില്ല. ഒരു മാസവും അദ്ദേഹം പൂർണമായി നോമ്പിൽനിന്ന് വിട്ടുനിന്നിട്ടുമില്ല. ആഇശ(റ)യോട് ചോദിച്ചു: "നബി(സ) ഒരു മാസം പൂർണമായും നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നോ?" അവർ മറുപടി പറഞ്ഞു: "റമദാനല്ലാതെ മറ്റൊരു മാസവും പൂർണമായും റസൂൽ നോമ്പനുഷ്ഠിച്ചതായി അറിയില്ല. നോമ്പനുഷ്ഠി

ക്കാതെ ഒരു മാസവും പൂർണമായും ഒഴിവാക്കിയിട്ടുമില്ല. മരണപ്പെടും വരെ ഇതായിരുന്നു റസൂലിന്റെ രീതി.”

മറ്റുള്ള മാസങ്ങളിൽനിന്ന് വ്യത്യസ്തമായി ശഅ്ബാനിൽ നബി(സ) അധികമായി നോമ്പനുഷ്ഠിച്ചിരുന്നു എന്നും റിപ്പോർട്ടുണ്ട്. ആഇശ(റ) പറയുന്നു: “ശഅ്ബാനിലേതു പോലെ മറ്റേതെങ്കിലും മാസം തിരുമേനി കൂടുതലായി നോമ്പനുഷ്ഠിക്കുന്നത് ഞാൻ കണ്ടിട്ടില്ല.” ശഅ്ബാനിലെ ചില ദിവസങ്ങളൊഴികെ ഭൂരിഭാഗം ദിനങ്ങളിലും നബി(സ) നോമ്പനുഷ്ഠിച്ചിരുന്നതായി ഇതിനെ ബലപ്പെടുത്തുന്ന മറ്റൊരു റിപ്പോർട്ടുമുണ്ട്.

റജബിന്റെ കാര്യത്തിൽ ഇമാം നവവി ഇങ്ങനെ രേഖപ്പെടുത്തുന്നു: ആ മാസത്തിൽ നോമ്പെടുക്കുന്നത് സുന്നത്താണെന്നോ പാടില്ലെന്നോ പ്രസ്താവിക്കുന്ന ഒരു തെളിവും സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ നോമ്പ് എത്ര അനുഷ്ഠിക്കുന്നതും പുണ്യകരമാണ് എന്നതാണ് അടിസ്ഥാന നിയമം. പവിത്ര മാസങ്ങളിൽ നോമ്പെടുക്കാൻ നബി(സ) പ്രോത്സാഹിപ്പിച്ചതായി അബൂദാവൂദിന്റെ *സുനനിൽ* വന്നിട്ടുമുണ്ട്. റജബ് പവിത്ര മാസങ്ങളിൽ പെട്ടതാണല്ലോ. എന്നാൽ റജബ്, ശഅ്ബാൻ, റമദാൻ എന്നീ മാസങ്ങളിൽ പ്രത്യേക പ്രധാന്യം നൽകി തുടർച്ചയായി നോമ്പനുഷ്ഠിക്കുന്നതിന് നബിചര്യയിൽ മാതൃകയില്ല. പ്രവാചകചര്യ പിന്തുടരുകയാണ് വേണ്ടത്. അതുപ്രകാരം ഒരാൾക്ക് കഴിയുന്നത്ര നോമ്പ് റജബിലും ശഅ്ബാനിലും അനുഷ്ഠിക്കാം. എന്നാൽ ഈ മാസങ്ങളിൽ മുഴുവനായി നോമ്പനുഷ്ഠിക്കരുത്. നിർബന്ധ നോമ്പെന്ന നിലക്ക് റമദാനിൽ പൂർണമായും നോമ്പനുഷ്ഠിക്കുകയും വേണം. നബി(സ)യുടെ ഐഛിക നോമ്പിന്റെ രീതി ഇബ്നു അബ്ബാസ്(റ) ഇപ്രകാരം വിവരിക്കുന്നു: “നബി(സ) ആഹരിക്കുകയേ ഇല്ല എന്ന് ഞങ്ങൾ പറഞ്ഞുപോകുമാറ് അദ്ദേഹം സ്ഥിരമായി നോമ്പനുഷ്ഠിക്കുമായിരുന്നു. അദ്ദേഹം നോമ്പനുഷ്ഠിക്കുകയേ ഇല്ല എന്ന് പറഞ്ഞുപോകുമാറ് നോമ്പെടുക്കാതെയുമിരിക്കുമായിരുന്നു.”

അപ്പോൾ വിഷയം ഇതാണ്: പ്രവാചകചര്യ മുറുകെ പിടിച്ചുകൊണ്ട് പരമാവധി പുണ്യം നേടാൻ, മടുപ്പും വിരസതയും ഒഴിവാക്കി ഉന്മേഷത്തോടെ കഴിയുന്നത്ര നോമ്പനുഷ്ഠിക്കുക. ■